LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6-11-1999 മുതൽ കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി&സി) 23-10-2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 463/13/റവന്യൂ പ്രകാരം 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആരംഭിച്ച ഡയാലിസിസ് സെന്ററുകൾ

180 (2418) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആരംഭിച്ച ഡയാലിസിസ് സെന്ററുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത സെന്ററുകളിലൂടെ പ്രതിദിനം ശരാശരി എത്ര വൃക്കരോഗികൾ ഡയാലിസിസിന് വിധേയരാകുന്നുണ്ട് ; ഈ ഇനത്തിൽ വൃക്കരോഗികൾക്കായി പ്രതിമാസം ശരാശരി എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരം സംസ്ഥാനത്ത് കൂടുതൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ പുതുതായി ഏതെല്ലാം കേന്ദ്രങ്ങളിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രോഗികളുടെ എണ്ണത്തിന്റേയും ചെലവു വരുന്ന തുകയുടേയും ശരാശരി വിവരങ്ങൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം മെഡിക്കൽ കോളേജ് കാരുണ്യ ഡയാലിസിസ് സെന്ററിൽ ശരാശരി	-	30	എണ്ണം
സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ	-	425	എണ്ണം
മറ്റു സർക്കാർ ആശുപത്രികൾ	-	100	എണ്ണം
ശരാശരി ചെലവാകുന്ന തുക	-	1,08,22,500	രൂപ

(സി) സ്ഥലസൗകര്യവും ഡോക്ടർമാരുടെ സേവന സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെടുന്ന എല്ലാ ആശുപത്രികളിലും പദ്ധതിവ്യവസ്ഥകൾക്ക് വിധേയമായി ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതാണ്.

കേരള സംസ്ഥാന ലോട്ടറി

181 (2419) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഓരോ ലോട്ടറിയുടെയും എത്ര ടിക്കറ്റുകൾ വീതമാണ് അച്ചടിക്കുന്നതെന്നും അവ എവിടെയെല്ലാമാണ് അച്ചടിക്കുന്നതെന്നും പറയാമോ ;

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ കഴിഞ്ഞ വർഷം എത്ര തുകയാണ് ലഭ്യമായതെന്നും ഈ വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും ലാഭം എത്രയാണെന്നും പറയാമോ ;

(സി) ഏജന്റുമാരുടെ വർദ്ധനവും ടിക്കറ്റ് വില്പനയിലെ വർദ്ധനവും അതുവഴി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ബുദ്ധിമുട്ടുകളും പരിഗണിച്ച് പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ലോട്ടറി വില്പന കേന്ദ്രങ്ങളിലെ സുരക്ഷിതത്വവും വർദ്ധിച്ച സാമ്പത്തിക ഇടപാടുകളും പരിഗണിച്ച് ഈ ഓഫീസുകളിൽ താല്ക്കാലിക ജീവനക്കാർക്കു പകരം സ്ഥിരം തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളും അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly